# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 07 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2
## സംസ്ഥാന ബജറ്റ് :
## തൃശൂർ ജില്ലയ്ക്ക് മികച്ച പരിഗണ

ധനമന്ത്രി തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബജറ്റിൽ തൃശൂർ ജില്ലയ്ക്ക് മികച്ച പരിഗണനന. സാംസ്കാരിക മേഖലയ്ക്ക് ബജറ്റിൽ മാറ്റിവെച്ച 157 കോടി സാംസ്കാരിക തലസ്ഥാനമായ തൃശൂരിന് പ്രതീക്ഷ നൽകുന്നതാണ്.

മറ്റ് പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ;

തൃശൂരിലെ അഗ്രോ പാർക്കിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടാകാൻ പഴങ്ങളിൽ നിന്ന് വൈനുകൾ ഉണ്ടാക്കുന്നതിനുള്ള സജ്ജീകരണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ ഇടം നൽകി.

മൃഗപരിപാലന മേഖലയ്ക്ക് 422 കോടി മാറ്റിവെച്ചതിൽ 75 കോടി വെറ്ററിനറി സർവകലാശാലയ്ക്ക് ലഭിക്കും.

തുറമുഖ പട്ടണങ്ങളുടെ പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി ടൂറിസം സ്പൈസസ് റൂട്ട് പദ്ധതിയിൽ മുസിരിസിനെ ഉൾപ്പടുത്തി.

കോഴിക്കോട് സർവകലാശാലയുടെ തൃശൂർ കാമ്പസ് പ്രവർത്തിക്കുന്ന ഡോ. ജോൺ മത്തായിയുടെ തറവാട് വീടും പുരയിടവും പുനരുദ്ധരിക്കാനും അവിടം കേരളത്തിലെ ഒന്നാം തലമുറ സാമ്പത്തിക ശാസ്ത്രജ്ഞരായ പി. ജെ. തോമസ്, വി. ആർ. പിള്ള, പത്മനാഭൻ പിള്ള, ഡോ. കെ. എൻ. രാജ് എന്നിവരുടെ സ്മാരകമായി വികസിപ്പിക്കുന്നതിനും ബജറ്റിൽ വകയിരുത്തി.

കോൾ മേഖലയ്ക്ക് കോളൊരുക്കിയിട്ടുണ്ട് ബഡ്ജറ്റിൽ. ഇരിപ്പൂ കൃഷിക്ക് ഓപ്പേറഷൻ ഡബിൾ കോൾ നടപ്പാക്കുന്നതിന് 2 കോടിയും, പൊക്കാളി കൃഷിക്ക് 2 കോടിയും വകയിരുത്തി.118 കോടിയാണ് നെൽകൃഷിക്കായി വകയിരുത്തുന്നത്.

കേരള ലളിതകലാ അക്കാദമിക്ക് 7 കോടി വകയിരുത്തി. 2 കോടി രൂപ മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് കലാകാരൻമാരെ കരാറടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടിയാണ്. ഉണ്ണായിവാര്യർ സാംസ്ക്കാരിക കലാനിലയത്തിന് ഒരു കോടിയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശഭരണം എന്നീ മേഖലകൾക്ക് ബജറ്റിൽ നീക്കി വെച്ച 217 കോടിയും തൃശൂരുകാർക്ക് ഏറെ പ്രതീക്ഷ നൽകുന്നവയാണ്.

അമച്വർ നാടകങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് 3 കോടി അധികമായി അനുവദിച്ചതും തൃശൂരിലെ കലാകാരന്മാർക്ക് പ്രതീക്ഷയാകുന്നു. തെരഞ്ഞെടുക്കപ്പെടുന്ന നാടകത്തിന് 5 ലക്ഷം വരെയാണ് സഹായം ലഭിക്കുക.

# ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു

2020-2021 സാമ്പത്തിക വർഷത്തേക്കുള്ള ഫാക്ടറി/ വ്യാപാരി/സംരംഭകത്വം മറ്റ് സേവനങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി 27നകം എല്ലാ സ്ഥാപനങ്ങളും പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കേണ്ടതും നിലവിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കേണ്ടതുമാണ് എന്ന് കാട്ടൂർ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

# പെരിഞ്ഞനം സ്മാർട്ട് മൊബൈൽ ആപ്ലിക്കേഷൻ പ്രകാശനം ചെയ്തു

പെരിഞ്ഞനം പഞ്ചായത്തിന്റെ സ്മാർട്ട് മൊബൈൽ ആപ്ലിക്കേഷൻ പ്രകാശനം ചെയ്തു. പെരിഞ്ഞനം പഞ്ചായത്തിനെ സംബന്ധിക്കുന്ന വിവരങ്ങളും വാർത്തകളും അറിയിപ്പുകളും ഓൺലൈൻ സേവനങ്ങളും അപേക്ഷ ഫോറങ്ങളും ഉൾപ്പെടെ നൂറു കണക്കിന് സേവനങ്ങൾ അടങ്ങുന്നതാണ് ആപ്ലിക്കേഷൻ. പെരിഞ്ഞനം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ സിനിമ താരം ഉണ്ണിമായ പ്രകാശനം നിർവ്വഹിച്ചു.

100ൽ അധികം സേവനങ്ങളുമായാണ് പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ മൊബൈൽ ഓൺലൈൻ ഗേറ്റ് വേ ജനങ്ങൾക്ക് തുറന്നു കൊടുക്കുന്നത്. പഞ്ചായത്തിനെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കി സ്മാർട്ട് ആവുകയാണ് പെരിഞ്ഞനം. എംഎൽഎ, എംപി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഈ ആപ്ലിക്കേഷൻ ബന്ധിപ്പിച്ചിരിക്കുന്നതിനാൽ എല്ലാ മേഖലകളിൽ നിന്നുള്ള അറിയിപ്പുകളും വിവരണങ്ങളും ഇതിലൂടെ ലഭ്യമാകും.

# ചേറ്റുവയിൽ മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസ് പുതുക്കൽ അദാലത്ത് നടത്തി

കേരള ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ചേറ്റുവ ഹാർബറിൽ മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസ് പുതുക്കൽ അദാലത്ത് സംഘടിപ്പിച്ചു. ലൈസൻസ് എടുക്കാനും പഴയത് പുതുക്കാനുമായി ചേറ്റുവ ഹാർബറിൽ മാത്രം 50ൽപരം മത്സ്യതൊഴിലാളികളാണ് അദാലത്തിൽ പങ്കെടുത്തത്.

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജ്യോതിലാൽ ഉദ്ഘാടനം നിർവഹിച്ചു. തൃശൂർ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ടി. ടി. ജയന്തി, ചേറ്റുവ ഫിഷറീസ് സബ് ഇൻസ്പെക്ടർ സന്തോഷ്, പഞ്ചായത്ത് മെമ്പർ ഭാരതി എന്നിവർ സംസാരിച്ചു.
***ഫോട്ടോ അടിക്കുറിപ്പ് : ചേറ്റുവ ഹാർബറിൽ നടന്ന മത്സ്യബന്ധന യാനങ്ങളുടെ അദാലത്ത്***

# വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ മറ്റൊരിടത്തിലേക്ക് മാറ്റണം : മനുഷ്യാവകാശ കമ്മീഷൻ

പോലീസ് ഉദ്യോഗസ്ഥരുടെയും സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങളുടെയും സുരക്ഷ കണക്കിലെടുത്ത് വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.

ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ജല അതോറിറ്റിയുടെ സ്ഥലം വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് നിർദ്ദേശിച്ചു. തൃശൂർ ജില്ലാ പോലീസ് മേധാവിക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. ഉത്തരവിന്റെ പകർപ്പ് മേൽനടപടികൾക്കായി സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചു.

അപകടകരമായ സ്ഥിതിയിലാണ് സ്റ്റേഷൻ കെട്ടിടം. കെട്ടിടത്തിന്റെ സീലിംഗ് അടർന്നു വീണു. തൃശൂർ ജില്ലാ പോലീസ് മേധാവിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. വാടാനപ്പള്ളി പോലീസ് സ്റ്റേഷനു വേണ്ടി കെട്ടിടം നിർമ്മിക്കാൻ പ്രമുഖ വ്യവസായി യൂസഫലി 15 സെന്റ് ഭൂമി നൽകിയിരുന്നതായി റിപ്പോർട്ടിലുണ്ട്. 2015 ഒക്ടോബർ 2 ന് അന്നത്തെ ആഭ്യന്തരമന്ത്രി കെട്ടിടത്തിന് ശിലാസ്ഥാപനവും നടത്തി. കെട്ടിടം നിർമ്മിക്കാൻ 40,00,000 രൂപയുടെ ഭരണാനുമതിയും നൽകി. എന്നാൽ കെട്ടിടം നിർമ്മിക്കാൻ പെർമിറ്റിനായി റവന്യൂ വകുപ്പിനെ സമീപിച്ചപ്പോൾ ഭൂമി വെറ്റ് ലാന്റ് ആയതിനാൽ അനുമതി നൽകാനാവില്ലെന്ന് പറഞ്ഞു. തുടർന്ന് ആർ ഡി ഒക്ക് അപേക്ഷ നൽകി. ആവശ്യപ്പെട്ട സ്ഥലത്ത് പോലീസ് സ്റ്റേഷൻ പണിയാൻ അനുമതി നൽകാനാവില്ലെന്ന് ആർ ഡി ഒ അറിയിച്ചു.

പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം ഉപയോഗശൂന്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളതായി റിപ്പോർട്ടിൽ പറയുന്നു. കേരള ജല അതോറിറ്റിക്ക് 57.25 സ്ഥലം ദേശീയ പാതയോരത്ത് ലഭ്യമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

രാഷ്ട്രീയ, മത സ്പർദ്ധ നിലനിൽക്കുന്ന സ്ഥലമായതിനാൽ സ്ഥലത്ത് സ്ഥിരമായ പോലീസ് സാന്നിധ്യം അനിവാര്യമാണെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

## നോർക്ക റൂട്ട്സ് മുഖേന ബ്രൂണെയിൽ തൊഴിലവസരം

പ്രമുഖ ദക്ഷിണേഷ്യൻ വികസിത രാജ്യമായ ബ്രൂണെയിലെ പ്രകൃതി വാതക കമ്പനിയായ സെറികാണ്ടി ഓയിൽ ഫീൽഡ് സർവീസിലേക്ക് ഇന്ത്യയിൽ നിന്ന് നോർക്ക റൂട്ട്സ് മുഖേന നിയമനം. സെറികാണ്ടി ഓയിൽ ഫീൽഡ് സർവീസിൽ നിലവിൽ ഒഴിവുള്ള ഐ.ടി ഡെലിവറി മാനേജർ തസ്തികയിലേക്ക് കമ്പ്യൂട്ടർ സയൻസ് ബിരുദവും 10 വർഷത്തെ പ്രവൃത്തി പരിചയവുമുള്ള വിദഗ്ധരായ എൻജിനീയർമാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.norkaroots.org വെബ്സൈറ്റ് സന്ദർശിക്കുകയും ടോൾഫ്രീ നമ്പരായ 1800-425-3939 (ഇന്ത്യയിൽ നിന്നും), 00918802012345 (വിദേശത്തുനിന്നും മിസ്ഡ് കാൾ സേവനം) ബന്ധപ്പെടണമെന്നും നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അവസാന തീയതി 2020 ഫെബ്രുവരി 14.

## നോർക്ക റൂട്ട്സ് : സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉണ്ടായിരിക്കുന്നതല്ല

സാങ്കേതിക കാരണങ്ങളാൽ 2020 ഫെബ്രുവരി 13 ന് പാലക്കാട് നടത്തുവാനിരുന്ന നോർക്ക റൂട്ട്സ് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ക്യാമ്പും ഫെബ്രുവരി 26 ന് തൃശൂർ നടത്തുവാനിരുന്ന അറ്റസ്റ്റേഷൻ ക്യാമ്പും ഉണ്ടായിരിക്കുന്നതല്ല. ഈ ദിവസങ്ങളിൽ എറണാകുളം നോർക്ക റൂട്ട്സിന്റെ മേഖല കാര്യാലയത്തിൽ അറ്റസ്റ്റേഷൻ ഉണ്ടായിരിക്കും. കൂടാതെ ഫെബ്രുവരി 28 ന് ആലപ്പുഴ കളക്ട്രേറ്റിൽ നടത്തുവാനിരുന്ന സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ക്യാമ്പ് അന്നേ ദിവസം ഉണ്ടായിരിക്കുന്നതല്ലെന്ന് നോർക്ക റൂട്ട്സ് എറണാകുളം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ ഓഫീസർ അറിയിച്ചു.

**....അവസാനിച്ചു...**